# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 690** **13.01.2021 ൽ മറുപടിയ്ക്ക്**

## പെരുന്തേനരുവി ടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|---|
| എ) പെരുന്തേനരുവി ടൂറിസം പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് പറയാമോ; എന്തൊക്കെ പദ്ധതികളാണ് ഇവിടെ നടപ്പാക്കിയിരിക്കുന്നത്; | എ) & ബി) | 1) പെരുന്തേനരുവിയിൽ നടപ്പാക്കുന്ന ഡോർമിറ്ററി കം അമിനിറ്റി സെൻറർ അറ്റ് പെരുന്തേനരുവി എന്ന പദ്ധതി 2021 ഫെബ്രുവരി അവസാനവാരം ഉദ്ഘാടനം ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഡോർമിറ്ററി കം അമിനിറ്റി സെൻറർ, പാത്ത് വേ, സോളാർ ലൈറ്റ്, റാമ്പ് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിക്ക് ഇത് വരെ 2,00,07,029/- (രണ്ട് കോടി ഏഴായിരത്തി ഇരുപത്തിഒൻപത് രൂപ മാത്രം) രൂപ വിവിധ ഘട്ടങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്. |
| ബി) എത്ര രൂപയാണ് ഇതിനായി വിവിധഘട്ടങ്ങളിലായി ഇതേവരെ ചെലവഴിച്ചത് എന്ന് അറിയിക്കാമോ? | | 2) ഇമ്പ്രൂവ്മെൻറ് ഓഫ് ഫെസിലിറ്റീസ് ഓഫ് പെരുന്തേനരുവി വാട്ടർഫാൾസ് എന്ന പദ്ധതി പുരോഗമിക്കുകയാണ്. കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ, പാർക്കിംഗ് ഏരിയ, ഇൻറർ ലോക്കിംഗ് എന്നിവയാണ് പ്രധാന പദ്ധതിഘടകങ്ങൾ. പദ്ധതി വേഗത്തിൽ പൂർത്തിയാക്കുവാൻ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്ക് ഇത് വരെ 21,57,500/- (ഇരുപത്തി ഒന്ന് ലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**